**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.**1265.** 11.06.2019 – ൽ മറുപടിയ്ക്ക്.

**<u>രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയ കത്ത്</u>**

| **ചോദ്യം**<br>**ശ്രീ.പി.സി. ജോർജ്** | **ഉത്തരം**<br>**ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) നികുതി വകുപ്പ് സെക്രട്ടറിക്ക് വേണ്ടി അണ്ടർ സെക്രട്ടറി ജെ1/37/2018/നിവ തീയതി 28.03.19 പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയ കത്തിന്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) മറുപടി ലഭ്യമായിട്ടില്ല. |
| (ബി) 28.03.2019- ലെ കത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് ആവശ്യപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) കഴക്കൂട്ടം SRO യിലെ 1800/2014 നമ്പർ ആധാര പ്രകാരം സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

File No.TAX-J1/37/2018-TAX

അനുബന്ധം

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

നികുതി (ജെ) വകുപ്പ്

നമ്പർ ജെ1/37/2018/നിവ

28/03/2019,തിരുവനന്തപുരം

സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം.

സർ,

വിഷയം:- നികുതി വകുപ്പ് - അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് മുൻ ചീഫ് വിപ്പ് ശ്രീ. പി സി ജോർജ് എം എൽ എ യുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. തോമസ് ജോർജിനെതിരെയുള്ള പരാതി - സംബന്ധിച്ച്

സൂചന:- 1) താങ്കളുടെ 16/03/2019 തീയതിയിലെ IGR/5770/2018-GRC-3 നമ്പർ കത്ത്.

2) ദക്ഷിണ മേഖല രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൻെറ 04/02/2019-ലെ അന്വേഷണ റിപ്പോർട്ട്.

3) ശ്രീ.തോമസ് ജോർജിന്റെ 18/03/2019 ലെ നിവേദനം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരാതിക്കാധാരമായ 1800/14-ാം നമ്പർ ആധാരം രജിസ്റ്റർ ചെയ്ത കാലയളവിൽ കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (ആറ്റിപ്ര വില്ലേജ് പരിധിയിൽ ഉൾപ്പെട്ട വസ്തുക്കൾ) മറ്റാധാരങ്ങൾ കൂടി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ വ്യക്തമായ റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താത് പര്യപ്പെടുന്നു.

1. ടി വസ്തുവിലൂടെ 22.75 അടിയിലുള്ള സ്വകാര്യ വഴി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സബ് രജിസ്ട്രാർക്ക് വേണമെങ്കിൽ ടി ആധാരം 45(ബി) പ്രകാരം അണ്ടർവാല്യുവേഷൻ നടപടികൾക്ക് റിപ്പോർട്ട് ചെയ്യാമെന്നിരിക്കെ പ്രസ്തുത നടപടി സ്വീകരിക്കാത്തതിന്റെ കാരണം.
2. ടി ആധാരം രജിസ്റ്റർ ചെയ്തതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന വ്യക്തമായ മറുപടി.

3. ടി കേസ് സുവോ മോട്ടോ നടപടികൾക്കു വിധേയമാക്കുന്നത് സംബന്ധിച്ച അഭിപ്രായം.

സൂചന (2) ലെ നിവേദനത്തിന്റെ പകർപ്പും ഇതോടൊപ്പം റിപ്പോർട്ടിനായി അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
സിമി.എ.എസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ